**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **13-12-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിൽ കാലാനുസൃതമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കയർ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് സ.ഉ(സാധാ)നം.930/22/വ്യവ. തീയതി 26.08.22 പ്രകാരം രാജ്യത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പഠനം പുരോഗമിച്ച് വരുന്നു. |
| (ബി) | വിപണനം, യന്ത്രവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയ്ൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ, മെഗാമാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചു വരുന്നുണ്ട്. റയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കയറുല്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്തുവാനും കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ് ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്നിവ വഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺ-ലൈനിലുമായി പങ്കെടുത്ത് പുതിയ ബയേർസിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം തൊഴിലുറപ്പ് പദ്ധതിയിലൂടെ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുന്നതിനായുള്ള നടപടികൾ നടന്നു വരികയാണ്. 140 കയർ സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ അനുവദിച്ചിട്ടുണ്ട്. 26000 ഇ-റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രതിദിനം 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 130 ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരിയുല്പാദന ശേഷി ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചു കൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കയർ വികസന വകുപ്പിനു കീഴിലുള്ള നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. പീറ്റ്കോൾ ഡോട്ട്സ് -**<br><br>ചകിരി ചോറിനെ വായു സഞ്ചാരം കുറഞ്ഞ അന്തരീക്ഷത്തിൽ ശക്തമായി ചൂടാക്കി അതിലെ ജലാംശം പൂർണ്ണമായും ഇല്ലാതാക്കി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് പീറ്റ്കോൾ ഡോട്ട്സ്. ഇത് ചാർക്കോളിനു പകരമായും സുഗന്ധ ദ്രവ്യമായും ഉപയോഗിക്കാവു ന്നതാണ്.<br><br>**2. മൊബൈൽ ടെൻഡർ ക്രഷിംഗ് മെഷീൻ-**<br><br>കരിക്കിൻ തൊണ്ട് ചതച്ച് എടുക്കുന്നതിനായി വികസിപ്പിച്ചെടുത്തു. ഇതുപയോഗിച്ച് പോട്ടിംഗ് ഫില്ലർ ഉൽപ്പാദിപ്പിക്കാനുള്ള പരീക്ഷണങ്ങൾ നടന്നു വരുന്നു.<br><br>**3. കയർ ജിയോ-സെൽ -**<br><br>കയർ ജിയോ-ടെക്സ്റ്റയിൽസ് കൊണ്ട് നിർമിച്ച കയർ ജിയോ-സെൽ കുത്തായ ചരിവ് പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്നു.<br><br>**4. കയർ മൾച്ചിംഗ് മാറ്റുകൾ -**<br><br>കളകൾ ഒഴിവാക്കാനായി കാർഷിക മേഖലയിൽ സാധാരണയായി ഉപയോഗിച്ചു വരുന്ന സിന്തറ്റിക് മൾച്ചുകൾക്ക് പകരം ഉപയോഗിക്കുന്നു.<br><br>**5. ട്രൈക്കോപിത്ത് -** |

| | | | |
|---|---|---|---|
| | | | ചകിരിച്ചോറിനെ കുറഞ്ഞ സമയം കൊണ്ട് വളമാക്കി മാറ്റുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് ട്രൈക്കോപിത്ത്.<br><br>**6. അക്വസ്റ്റിക് പാനലുകൾ -**<br><br>ശബ്ദത്തിന്റെ പ്രതിധ്വനി കുറച്ച് ശബ്ദ മലിനീകരണത്തെ നിയന്ത്രിക്കാൻ സാധിക്കുന്നു.<br><br>**7. ബൈൻഡർലെസ് ബോർഡുകൾ -**<br><br>വുഡൻ ബോർഡുകൾക്ക് പകരമായി യാതൊരു കെമിക്കൽ ബൈൻഡറുകളും ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്നവയാണ് ബൈൻഡർലെസ് ബോർഡുകൾ.<br><br>**8. ഇ-കയർ ബാഗ്സ്-**<br><br>പ്ലാസ്റ്റിക് ഗ്രോ ബാഗുകൾക്ക് പകരമായി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ ഗ്രോബാഗുകളാണ് ഇവ |
| (ഡി) | കയർ മേഖലയിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക നൽകാത്തതോടെ തൊഴിലാളികളുടെ ശമ്പളം മുടങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഉണ്ടായിട്ടില്ല. കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം വഴി ഈ വർഷം 16.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 16.04കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ